LIBRARY ARCHIVES Kerala Legislative Assembly

പാഠപുസ്തക അച്ചടിയും വിതരണവും

17 (*557) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. രാജു എബ്രഹാം :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലേക്കുള്ള ഐ.ടി. പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകളുടെ ഏകോപനത്തിലുണ്ടായ വീഴ്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തൽ വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) 2015-16 അദ്ധ്യയന വർഷം 8, 9, 10 ക്ലാസ്സുകളിൽ മാത്രമാണ് ഐ.ടി. പാഠ്യവിഷയമായിട്ടുള്ളത്. ഇൻഡന്റ് പ്രകാരം സ്കൂളുകൾ ആവശ്യപ്പെട്ട മുഴുവൻ പാഠപുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കി, ഓൺലൈനായി ഇൻഡന്റ് ലഭിച്ച സ്കൂളുകളിലേയ്ക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയതായി ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്. ഓൺലൈൻ അല്ലാതെ നേരിട്ട് ഇൻഡന്റ് നൽകിയ സ്കൂളുകളിലേയ്ക്കുള്ള പാഠപുസ്തക വിതരണം ഇപ്പോൾ നടന്നുവരുന്നു.

(സി) ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.